**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2018 - പ്രളയക്കെടുതികളിൽ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(കൈ) നം.24/2018/DMD തീയതി 26/10/2018

,തിരുവനന്തപുരം

---

പരാമർശം:- 1 21/06/2018 തീയതിയിലെ സ.ഉ(കൈ)നം.07/2018/ഡി.എം.ഡി.

2 22.10.2018 തീയതിയിൽ ചേർന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം.

3 03/09/2018 തീയതിയിലെ സ.ഉ(കൈ)നം.18/2018/ഡി.എം.ഡി.

**ഉത്തരവ്**

സൂചന (1) ഉത്തരവ് പ്രകാരം, അംഗീകൃത ദുരന്തത്തിൽ പൂർണ്ണമായും തകർന്ന (fully or severely damaged) ഒരു വീടിന് അനുവദിക്കുന്ന പരമാവധി തുക 4,00,000/- (നാല് ലക്ഷം രൂപയാണ്). ഇതിൽ 95,100/- രൂപ (നിരപ്പായ സ്ഥലം), അല്ലെങ്കിൽ 1,01,900/-രൂപ (മലയോര മേഖല) എന്ന നിലയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരവും, ബാക്കി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ് നൽകുന്നത്.

2) നിലവിൽ കുറഞ്ഞത് 15% (partial damage), 100% (fully damaged) and 75% (severely damaged) (ദുരന്തത്തിൽ വാസയോഗ്യം അല്ലാതായത്) എന്നീ cut-off മാത്രമാണ് കേന്ദ്ര മാനദണ്ഡത്തിൽ ഉള്ളത്. നിലവിൽ 15% നും, 75% നും ഇടയിൽ നാശനഷ്ടം ഉണ്ടായാൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എത്ര തുക വീതം അനുവദിക്കണമെന്നത് സംബന്ധിച്ച് സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

3) കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 19 പ്രകാരം എല്ലാവർക്കും ഒരേ മാനദണ്ഡപ്രകാരം ദുരിതാശ്വാസം അനുവദിക്കുന്നു എന്ന് ഉറപ്പു വരുത്തുവാൻ, പരാമർശം (1) ലെ യോഗം ശുപാർശ ചെയ്ത Minimum Relief Code അംഗീകരിച്ചുകൊണ്ടും, സൂചന (3) പ്രകാരം Technically competent ആയ തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസിയർ/ എഞ്ചിനീയർ പ്രളയക്കെടുതികളിൽ വീടുകൾക്കുണ്ടായ നാശനഷ്ട ശതമാനം കണക്കാക്കുമ്പോൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചുവടെ ചേർക്കുന്ന വിധത്തിൽ ധനസഹായം അനുവദിക്കേണ്ടതാണെന്നും ഇതിനാൽ ഉത്തരവാകുന്നു.